# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് – കാലടി ഗ്രാമപഞ്ചായത്ത് – മാർക്കറ്റ് വഴി വികസനം – സ്ഥലമെടുപ്പിന് അനുമതി നൽകിയ ഉത്തരവിലെ സർവ്വേ നമ്പരുകളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) 1726/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂലായ് 13, 2009.

---

പരാമർശം: 1. 22-01-2008-ലെ സ.ഉ. (സാധാ) നമ്പർ 208/2008/ത.സ്വ.ഭ.വ.

2. കാലടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27-05-2009-ലെ V (13)-ാം നമ്പർ തീരുമാനം.

3. കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09-06-2009-ലെ എ2-2096/08 നമ്പർ കത്ത്.

**ഉത്തരവ്**

കാലടി ഗ്രാമപഞ്ചായത്തിൽ പൊതു മാർക്കറ്റിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കാലടി വില്ലേജ്, ബ്ലോക്ക് 26, സർവ്വേ നമ്പർ 396/37, 396/38-ൽപ്പെട്ട 1 സെന്റ് (0.38ആർ) സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 396/38 സർവ്വേ നമ്പരിൽപ്പെട്ട സ്ഥലം ഈ ആവശ്യത്തിന് വേണ്ടി വരുന്നില്ലെന്നും, പിശകായി ചേർത്തു പോയ ഇതിനു പകരം സർവ്വേ 396/53-ൽ ഉൾപ്പെട്ട സ്ഥലം ചേർത്ത് അടിയന്തിര ഖണ്ഡത്തിൽ അക്വയർ ചെയ്യണമെന്നും കാലടി ഗ്രാമപഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും, അനുമതിയ്ക്കായി പരാമർശം (3) അഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്നു.

2. ഈ സാഹചര്യത്തിൽ പരാമർശം (1)-ലെ ഉത്തരവിലെ സർവ്വേ 396/38-ന് പകരം 396/53 ഉൾപ്പെടുത്തി, അകിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി എറണാകുളം ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി അടിയന്തിര ഖണ്ഡത്തിൽ സ്ഥലം ഏറ്റെടുക്കുവാൻ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1)-ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.നാസറുദീൻ,
ഡെപ്യൂട്ടി സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി/പ്രസിഡന്റ്, കാലടി ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.

ജില്ലാ കളക്ടർ, എറണാകുളം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.